# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

മദ്യശാലകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി.

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *146..     11.08.17- ൽ മറുപടി പറയേണ്ടത്

| | ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പഞ്ചായത്തീരാജ് ആക്ടിലെ 232-ാം വകുപ്പും നഗരപാലിക ആക്ടിലെ 232-ാം വകുപ്പും ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 232-ാം വകുപ്പ് ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447-ാം വകുപ്പ് ഭേദഗതി ചെയ്താണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത ഓർഡിനൻസ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ആകെ ഒരേ തരത്തിലുള്ള അബ്കാരി നയം നടപ്പിലാക്കുന്നതിനും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭേദഗതി അനിവാര്യമായതിനാൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ള എക്സൈസ് വകുപ്പിന്റെ ആവശ്യം പരിശോധിച്ചാണ് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ട് 447-ാം |

| | | | |
|---|---|---|---|
| | | | വകുപ്പും ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിക്കാൻ തീരുമാനിച്ചത്. |
| (സി) | പുതിയ മദ്യശാലകൾ തുറക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. വേണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) & (ഡി) | ഉണ്ട്. 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ്, 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് എന്നിവ പ്രകാരം പുതിയ മദ്യശാലകൾ തുറക്കുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ആകെ ഒരേ തരത്തിലുള്ള അബ്കാരി നയം നടപ്പിലാക്കുന്നതിനും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവയുടെ ഭേദഗതി അനിവാര്യമാണെന്നും ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമുള്ള എക്സൈസ് വകുപ്പിന്റെ ആവശ്യം പരിശോധിച്ചാണ് കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232-)o വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്റ്റ് 447-)o വകുപ്പും ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചത്. |
| (ഡി) | മദ്യവില്പനശാലകൾ മാറ്റി സ്ഥാപിക്കുന്നതിനും എൻ.ഒ.സി. നിർബന്ധമാണെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ